നീണ്ടകരത്തുറമുഖത്തിന്റെ പണി

* 680. [5] ശ്രീ. ടി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടിനൽകുമോ :

(എ) നീണ്ടകര തുറമുഖത്തിന്റെ പണി ഈ സാമ്പത്തികവർഷത്തിൽ തുടങ്ങുമോ ;

(ബി) തുടങ്ങുന്നതിനുള്ള കാൺട്രാക്റ്റ് കൊടുത്തു കഴിഞ്ഞോ ;

(സി) തുറമുഖത്തിന്റെ പണിയോടൊപ്പം പാലത്തിന്റെ പണിയും നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ ഇവരണ്ടും എന്നു തുടങ്ങുമെന്നു പറയാൻ കഴിയുമോ ?

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. പി. പി. ഉമ്മർകോയ) :

(എ) നീണ്ടകര തുറമുഖത്തിന്റെ പണി ആരംഭിച്ചുകഴിഞ്ഞു.

(ബി) നീണ്ടകര തുറമുഖപദ്ധതിയുടെ പ്രധാന ഇനമായ ബ്രേക്ക് വാട്ടേഴ്സിന്റെ പണി തുടങ്ങുന്നതിനു കാൺട്രാക്റ്റ് കൊടുത്തു കഴിഞ്ഞു.

(സി, ഡി) പാലത്തിന്റെ എസ്റ്റിമേറ്റ് ഇൻഡ്യാ ഗവണ്മെന്റിന്റെ പരിഗണനയിലിരിക്കയാണ്. അതു അനുവദിച്ചുകിട്ടിയാൽ പണി തുടങ്ങുന്നതാണ്.

ശ്രീ. ടി. കൃഷ്ണൻ : നീണ്ടകരപ്പാലം ഇപ്പോഴത്തെ നിൽക്കുന്നസ്ഥലത്താണോ പണിയാൻ പോകുന്നത്, അതോ മാറി മറ്റുവല്ല സ്ഥലത്തുമാണോ ?

ശ്രീ പി. പി ഉമ്മർകോയ : പുതിയ പാലം പണിതുവരുന്നതുവരെ നിലവിലുള്ള പാലം അവിടെ നിന്നല്ലേ പറ്റൂ. അതുകൊണ്ട് ഇപ്പോഴത്തെ ഉള്ള പാലത്തിൽ നിന്നും നൂറടി അകലെയായിരിക്കും പുതിയ പാലം പണിയുക.

Afforestation

* 681. [6] ശ്രീ. എൻ. എസ്സ്. കൃഷ്ണപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗവണ്മെന്റിനു Afforestation-നു് ഒരു സ്കീം ഉണ്ടോ; ഉണ്ടെങ്കിൽ എവിടെയെല്ലാം ; എത്ര തുക അതിലേക്കു വകയിരുത്തിയിട്ടുണ്ട് ;

(ബി) പുൽമേടുകളും മാവിയലെ വനമാകയാൽ അവിടം വെട്ടിത്തെളിക്കാതിരിക്കുന്നതിനും വെട്ടിത്തെളിച്ചിട്ടുള്ള സ്ഥലങ്ങളിൽ വൃക്ഷങ്ങൾ വച്ചുപിടിപ്പിക്കുന്നതിനും വേണ്ട ഏർപ്പാടുകൾ ചെയ്യുമോ ?

പൊതുജനാരോഗ്യ വകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻ നായർ) :

(എ) ഗവണ്മെന്റിനു ഒരു എഫോറസ്റ്റേഷൻ പദ്ധതിയുണ്ട്. ഈ പദ്ധതി ഗവണ്മെന്റു് ഉടമയിലുള്ളവനപ്രദേശങ്ങളെ മുഴുവൻ ബാധിക്കുന്നതാണ്. ഇതിലേക്ക് മൂന്നാം പഞ്ചവൽസരപദ്ധതിയിൽ 112,52 ലക്ഷം രൂപ വക കൊള്ളിച്ചിട്ടുണ്ട്.

(ബി) പുൽമേടുകളിൽ മരം വച്ചുപിടിപ്പിക്കുന്നതിനു് ഒരു പദ്ധതിയുണ്ട്. ഉദ്ദേശം 15,000 ഏക്കർ പുൽമേടുകളും യൂക്കാലിപ്റ്റസ് വച്ചുപിടിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു.

ശ്രീ. എൻ. എസ്സ്. കൃഷ്ണപിള്ള: എഫോറസ്റ്റേഷനുവേണ്ട നടപടികളും എടുക്കുന്നുണ്ടെന്നു പറഞ്ഞു. റോഡിന്റെയും അതുപോലെ തന്നെ ആറിന്റേയും കരയുടെ ഇരുഭാഗത്തും മരങ്ങൾ വച്ചു പിടിപ്പിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. പി. ഗോവിന്ദൻ നായർ : റോഡിനേറയും ആറിന്റെയും തീരത്തു മാത്രമല്ല, മറ്റു ഉപയോഗശൂന്യമായി കിടക്കുന്ന എല്ലാ സ്ഥലങ്ങളിലും മരം വച്ചു പിടിപ്പിച്ചു പ്ലാന്റേഷൻ നടപ്പിലാക്കണമെന്നു ഗവണ്മെന്റിനു വിചാരമുണ്ടു്.

ശ്രീ. എൻ. എസ്സു്. കൃഷ്ണപിള്ള : നദികളുടെ തീരത്തുണ്ടായിരുന്ന മരങ്ങളും പെട്ടിമുറിച്ചു കളഞ്ഞതുകാരണം ആ പ്രദേശങ്ങളിൽ ഒരു തുള്ളി വെള്ളം കിട്ടാത്ത പരിതസ്ഥിതിയാണു് ഉണ്ടാകുന്നതു്. ഇനി മരം വച്ചുപിടിപ്പിച്ചു തണൽ കിട്ടിയാൽ വെള്ളം കെട്ടികിടക്കുമല്ലോ എന്ന കരുതിയാണു് ഞാൻ ഇതു പറഞ്ഞതു്, ഗവണ്മെന്റു് ഈ കാര്യം ശ്രദ്ധിക്കുമോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : അതു മാത്രമല്ല അതിൽ കൂടുതലും ചെയ്യാൻ ഗവണ്മെന്റിനു് ഉദ്ദേശമുണ്ടെന്നാണു് മറുപടി പറഞ്ഞതു്.

ശ്രീ. ജോസഫു് ചാഴിക്കാട്ടു് : ഇൻഡ്യയിൽ ആന്ധ്രാ പ്രദേശത്തും മദ്ധ്യപ്രദേശത്തും ആ രാജ്യത്തിന്റെ പതിനേഴു ശതമാനം വനഭൂമിയാണു്. നമ്മുടെ സംസ്ഥാനത്തു 30 ശതമാനം വനഭൂമിയായിരിക്കേയാണു്. ഇതിന്റെ ആവശ്യമെന്താണു് ?

മി. സ്പീക്കർ : മെമ്പറുടെ അറിവു് അതു ശരിയല്ല.

ശ്രീ. എം. പി. ഗോവിന്ദൻ നായർ : അവർക്കില്ലാത്ത എന്തെല്ലാം കാര്യങ്ങളും നമുക്കു വേറെയുണ്ടു്.

ശ്രീ. എം. വി. വാസു : മലംപുഴ പ്രദേശത്തു മരം വച്ചു പിടിക്കുന്നകാര്യം എന്തായി ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : ഹിന്ദുസ്ഥാൻ ഓർഡ്നൻസു് ഫാക്ടറീസ് ആക്ടിന്റെ പ്രകാരമുള്ള ഭൂമിയാണു്. ഗവണ്മെന്റിലേക്കു് അതു അക്വയർ ചെയ്യണം. അതിനുള്ള നടപടി സ്വീകരിക്കേണ്ടതാണു്.

റീട്ടെയിൽ ന്യായവില ഷാപ്പുകാരുടെ പരാതികൾ

* 682. [7] ശ്രീ. കെ. ആർ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ക്ഷീരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റീട്ടെയിൽ ന്യായവില ഷാപ്പുകാരുടെ പരാതികൾ ഉൾക്കൊള്ളിച്ചു വല്ല നിവേദനവും ഗവണ്മെന്റിനു ലഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിലെ പ്രധാന ആവശ്യങ്ങൾ എന്തെല്ലാം ;

(സി) അതിൽ ഏതൊക്കെ ആവശ്യങ്ങൾ പരിഹരിച്ചുകൊടുത്തു ;

(ഡി) മറ്റുള്ളവ പരിഹരിക്കാൻ നേരിടുന്ന ബുദ്ധിമുട്ടുകൾ എന്തു ?

ക്ഷീരവകുപ്പുമന്ത്രി (ശ്രീ. ഇ. പി. പൗലോസു്) :

(എ) റീട്ടെയിൽ ന്യായവിലഷാപ്പുകാരുടെ പരാതികൾ ഉൾക്കൊള്ളിച്ചുകൊണ്ടു് ആൾ കേരളാ ഫെയർ പ്രൈസ്സു് റീട്ടെയിൽ മർച്ചെന്റ്സു് അസോസിയേഷൻ ഗവണ്മെന്റു് മുമ്പാകെ, 11-12-1963-ൽ ഒരു മെമ്മോറാണ്ടം സമർപ്പിച്ചിട്ടുണ്ടു്. കൂടാതെ ചില താലൂക്കുകളിലെ റീട്ടെയിൽ ന്യായവിലഷാപ്പുകാരുടെ അസോസിയേഷനുകളിൽനിന്നും നിവേദനം ലഭിച്ചിട്ടുണ്ടു്.

(ബി) മെമ്മോറാണ്ടത്തിൽ ഉന്നയിച്ചിട്ടുള്ള പ്രധാന ആവശ്യങ്ങൾ താഴെ പറയുന്നവയാണു്:—

(1) ന്യായവിലഷാപ്പുകളിൽകൂടി വിതരണം നടത്തുന്ന അരിയുടെ അളവു് വർദ്ധിപ്പിക്കുക.

(2) വ്യാപാരികൾക്കു് ലാഭവീതം വർദ്ധിപ്പിക്കുക.

LIBRARY ARCHIVES Kerala Legislative Assembly